യോഹ. 18:33-37

2022 നവംബർ 20

# വചനസന്ദേശം

**ഫാ. മാത്യു കിലുക്കൻ**

പരസ്യജീവിതകാലത്ത്, തന്റെ അസ്തിത്വം അടയാളപ്പെടുത്താൻ നിർബന്ധിതനാക്കിയ നിരവധി ചോദ്യോത്തര സന്ദർഭങ്ങളിൽ ക്രിസ്തു നിറുത്തപ്പെടുന്നുണ്ട്. 'നീ ആരാണ് എന്ന് ഞങ്ങളോട് പറയുക?' ചോദ്യത്തിന്റെ ഇങ്ങേയറ്റത്ത്, പ്രധാന പുരോഹിതരും ജനപ്രമാണികളും ചിലപ്പോൾ ശിഷ്യരും സാധാരണക്കാരും നിലയുറപ്പിക്കുന്ന നിരവധിയവസരങ്ങളെ സുവിശേഷം അവതരിപ്പിക്കുന്നുണ്ട്. അത്തരം ചോദ്യങ്ങളുടെ അവസാന കണ്ണിയായി വേണം വിചാരണവേളയിലെ പിലാത്തോസിന്റെ ഈ ചോദ്യംചെയ്യലിനെ സമീപിക്കാൻ.

'നീ യഹൂദരുടെ രാജാവാണോ?' ഈ ചോദ്യത്തിന്റെ മൗലികതയെയാണ് ക്രിസ്തു ആദ്യം വിചാരണ വിഷയമാക്കിയത്. 'നീ ഇത് സ്വയം ചോദിക്കുന്നതോ അതോ മറ്റുള്ളവർ നിന്നെക്കൊണ്ട് അത് ചോദിപ്പിക്കുന്നതോ?' ചോദ്യം അക ത്തുനിന്നാണോ പുറത്തു നിന്നാണോ എന്നാണ് ക്രിസ്തുവിനറിയേണ്ടത്.

കാരണം ചോദ്യം അകത്തുനിന്നാണെങ്കിൽ മാത്രമേ അതിനു ക്രിസ്തു കൊടുക്കാനൊരുങ്ങുന്ന മറുപടി പീലാത്തോസിന് മനസ്സിലാവുകയുള്ളൂ. ''എന്റെ രാജ്യം ഐഹികമല്ല.'' ക്രിസ്തു ഈ ലോകത്തിന്റേതല്ലാത്തതിനാൽ അവൻ സ്ഥാപിക്കുന്ന 'രാജ്യവും', ഈ ലോകനിയമങ്ങൾക്ക് അധീനമാവുക സാധ്യമല്ല. മറ്റൊരു ലോകത്തിന്റെ അവകാശിയായ താൻ എന്തിനിവിടെ വന്നു എന്ന ചോദ്യത്തിനും വിശദീകരണമുണ്ട്. 'സത്യത്തിന് സാക്ഷ്യം നല്കാൻ.' 'സത്യത്തിൽ നിന്നുള്ളവൻ എന്റെ സ്വരം ശ്രവിക്കുന്നു.'

എന്റെ രാജ്യം ഐഹികമല്ല, എന്നു പറഞ്ഞവൻ ഈ ലോകരീതികൾക്കും നീതികൾക്കും യോജിച്ചവിധം സിംഹാസനസ്ഥനായ രാജചിത്രമായി അവരോധിതനായതെങ്ങനെയെന്ന് അത്ഭുതപ്പെടാറുണ്ട്. കിരീടവും ചെങ്കോലും പിടിച്ച്, രാജകീയവസ്ത്രങ്ങളോടെയുള്ള ക്രിസ്തുവിന്റെ 'പ്രത്യക്ഷീകരണ'ത്തെ രാജത്വതിരുനാളായി സഭ ആചരിക്കുന്നതിന്റെ സാംഗത്യം സുവിശേഷാധിഷ്ഠിതമായി വായിക്കുന്നില്ലെങ്കിൽ വഴിതെറ്റുമെന്നുറപ്പാണ്.

ഇസ്രായേലിലെ അവസാന ന്യായാധിപനായ സാമുവേലിനുശേഷം മറ്റു ജനതകൾക്കുള്ളതുപോലെ ഞങ്ങൾക്കും ഒരു രാജാവിനെ വേണമെന്ന് ജനം ശാഠ്യം പിടിച്ചപ്പോൾ ദൈവത്തിന്റെ മുന്നറിയിപ്പ് സാമുവേലിന്റെ വാക്കുകളിലൂടെ വന്നതിങ്ങനെ. ''നിങ്ങൾ തെരഞ്ഞെടുക്കുന്ന രാജാവ് നിമിത്തം അന്ന് നിങ്ങൾ വിലപിക്കും. എന്നാൽ കർത്താവ് നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല'' (1 സാമു. 8:17).

രാജാവിനെ തേടിയവർ ദൈവത്തിന്റെ രാജത്വത്തെ നിഷേധിച്ചുകൊ ണ്ടാണ് അതിനായിറങ്ങിയതെന്ന് ദൈവംതന്നെ സാമുവേലിനോട് സങ്കടപ്പെടുന്നുണ്ട് (1 സാമു. 8:7-8). രാജവാഴ്ച്ചയുടെ വഴിയിൽ ഇസ്രായേൽ കടന്നുപോയ സങ്കടങ്ങളിൽ ദൈവത്തിന്റെ മുന്നറിയിപ്പിന്റെ മുനകളുണ്ടായിരുന്നുവെന്നത് ചരിത്രം.

''ഞങ്ങൾക്കും മറ്റു ജനതകളെപ്പോലെയാകണം'' (1 സാമു. 8:20). രാജവാഴ്ച തിരഞ്ഞെടുക്കാൻ ജനതയെ പ്രേരിപ്പിച്ച പ്രധാന ഘടകമിതായിരുന്നു. എന്നാൽ പുതിയനിയമത്തിൽ ഈ രാജത്വത്തിന്റെ യജമാനത്ത ശൈലിയെയാണ് ക്രിസ്തു തിരുത്തുന്നത്. 'നിങ്ങളുടെ ഇടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനാകണം. ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ നല്കാനുമാണ് മനഷ്യപുത്രൻ വന്നിരിക്കുന്നത്.'

മറ്റ് ജനതകൾക്കിടയിലെ രാജത്വത്തിന്റെ യജമാനത്ത ശൈലിയെ ദാസ്യ ത്വത്തിന്റെ ശുശ്രൂഷാശൈലിയായി പരിപാകപ്പെടുത്തിയതാണ് ക്രിസ്തു സ്നേഹത്തിന്റെ പുതിയ നിയമം. ഈ കാലുകഴുകൽ ശൈലിയെ സഭാശുശ്രൂ ഷാ രീതിയായി അനുവർത്തിക്കാൻ പ്രയാസമായതാണ് നേതൃത്വത്തെ അധികാരത്തോട് ബന്ധപ്പെടുത്തി വ്യാഖ്യാനിക്കാനും വിശദീകരിക്കാനും സഭയിൽ പിന്നീട് ഇടയായത്.

ഒന്നാമനാകാനുള്ള അധികാരവഴികളിൽ കാലുപിടുത്തത്തിന്റെ പ്രാമാ ണ്യം പ്രായോഗികരീതിയായി അംഗീകരിക്കപ്പെട്ടതോടെ അനുസരണ വാഗ്ദാ നം അതുറപ്പിക്കാനുള്ള അവസരവുമാക്കി.
'സത്യത്തിനു സാക്ഷ്യം വഹിക്കാനായിരുന്നു' ക്രിസ്തുവിന്റെ മനുഷ്യാവതാരം. സത്യത്തോടു ചേർന്നു നിൽക്കാത്ത നേതൃത്വത്തിന്റെ അധികാരശൈലി, ദാസ്യത്വത്തിന്റെ ശുശ്രൂഷാശൈലിയാവുക സാധ്യമല്ല.

സ്വയം ദാസരാകാതെ മറ്റുള്ളവരെ തങ്ങളുടെ ദാസരാക്കുന്ന ആധിപത്യത്തിന്റെ അക്രമശൈലിയെ യാകും അത്തരം വ്യക്തികൾ പിന്തുണയ്ക്കുന്നത്. ഇത്തരം അധികാരകേന്ദ്രങ്ങൾക്ക് പിന്തുണയേറുന്ന പുതിയകാലത്ത് കാലുകഴുകുന്ന അനുരഞ്ജനരീതികളെ കൂടുതലായി അവലംബിക്കാൻ നേതൃത്വ ത്തിന് കഴിയണം. നമ്മുടെ കൂട്ടായ്മകളിൽ, വീട്ടകങ്ങളിൽ, ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കാനും അപരനെ അധികമായി പരിഗണിക്കാനുമുള്ള അവസരങ്ങളെ കൂടുതലായി തിരയാൻ നമുക്കിടയാകട്ടെ. ക്രിസ്തുവിന്റെ രാജത്വത്തെ കുരിശിന്റെ നിഴലോട് ചേർത്തു മാത്രം എന്നും വായിക്കാനും ജീവി ക്കാനും നമുക്കിടയാകട്ടെ.